# ശ്രീപദ്മനാഭനും ഗണിത ജ്യോതിഷവും

ടി.വി. പദ്മകുമാർ

(Reference : www.keralakaumudi.com Posted on: Monday, 07 November 2011)

ലോക പ്രശസ്ത ഭാരതീയ ഗണിത ശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജന്റെ പേരിലുള്ള രാമാനുജസംഖ്യ (1729) വളരെ പ്രസിദ്ധമാണല്ലോ. ഒരിക്കൽ രോഗബാധിതനായി കഴിഞ്ഞിരുന്ന രാമാനുജനെ കാണാൻ കേംബ്രിഡ്ജിലെ ഗണിതശാസ്ത്ര പ്രൊഫസറായ ജി.എച്ച്. ഹാർഡി ചെന്നു. 1729 എന്ന നമ്പർ പ്ലേറ്റുള്ള ടാക്സിയിലാണ് അദ്ദേഹം രാമാനുജനെ കാണാൻ എത്തിയത്. 7, 13, 19 എന്നീ മൂന്ന് അഭാജ്യസംഖ്യകളുടെ ഗുണനഫലമായ 1729 അശുഭസൂചകമാണോ എന്ന് ഹാർഡി രാമാനുജനോട് തിരക്കി. ഇതുകേട്ട മാത്രയിൽ രാമാനുജൻ പറഞ്ഞു. രണ്ടു ഘനസംഖ്യകളുടെ തുകയായി രണ്ടുവിധത്തിൽ പ്രദർശിപ്പിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യയാണിത് (1729=123+13=103+93).

**മാർത്താണ്ഡവർമ്മ**

തിരുവിതാംകൂറിന്റെ സംയോജകനായ അനിഴം തിരുനാൾ ശ്രീപദ്മനാഭദാസ മാർത്താണ്ഡവർമ്മ അധികാരത്തിൽ വന്നത് എ.ഡി 1729 ലായിരുന്നു എന്ന കാര്യം ശ്രദ്ധിക്കുക. അപ്പോൾ ഈ അത്ഭുതസംഖ്യയ്ക്ക് ശ്രീപദ്മനാഭസ്വാമി ക്ഷേത്രം ഇന്നത്തെ നിലയിൽ പുനരുദ്ധരിച്ച മാർത്താണ്ഡവർമ്മയായും ശ്രീപദ്മനാഭസ്വാമി ക്ഷേത്രവുമായി സംഖ്യാശാസ്ത്രമനുസരിച്ചുള്ള ബന്ധം വ്യക്തമാകുന്നു.

ഭാരതീയ കാലഗണന അനുസരിച്ച് ലോകാരംഭത്തിനുശേഷം ആറു മന്വന്തരങ്ങൾ കഴിഞ്ഞ് 7-ാമത്തെ മന്വന്തരത്തിൽ (വൈവസ്വതൻ) 28-ാമത്തെ കൃതയുഗവും ത്രേതായുഗവും ദ്വാപരയുഗവും കഴിഞ്ഞ് 28-ാമത്തെ കലിയുഗം നടക്കുകയാണിപ്പോൾ. ഭാരതീയ ജ്യോതിഷ

പ്രകാരം അശ്വതിയിൽ നിന്ന് എണ്ണുമ്പോൾ പുണർതം എന്ന നക്ഷത്രത്തെ സൂചിപ്പിക്കുന്ന സംഖ്യയാണ് ഏഴ്. പുണർതം എന്ന നക്ഷത്രത്തെ നിയന്ത്രിക്കുന്നത് വ്യാഴനാണ്. വ്യാഴന്റെ ദേവൻ മഹാവിഷ്ണുവാണ്. കൂടാതെ മഹാവിഷ്ണുവിന്റെ ഏഴാമത്തെ അവതാരമായ ശ്രീരാമൻ പുണർതം എന്ന നക്ഷത്രത്തിലാണ് ഭൂജാതനായത്. ഈ സംഖ്യയോട് 6 കൂട്ടുമ്പോൾ 13 കിട്ടുന്നു. വീണ്ടും 13-നോട് 6 കൂട്ടുമ്പോൾ 19 കിട്ടുന്നു. അതായത് 7ൺ13ൺ19-ന്റെ ഗുണനഫലമായ 1729 ആണ് മാർത്താണ്ഡവർമ്മ അധികാരത്തിൽ വന്ന വർഷം.

ശ്രീപദ്മനാഭസ്വാമി എന്ന പേര് ഇംഗ്ലീഷിൽ എഴുതുമ്പോൾ അതിന്റെ സംഖ്യാമൂല്യം 58 ആകുന്നു. 58ലെ അക്കങ്ങളുടെ തുക 13 (5+8) ആണ്. 13-ന്റെ അക്കങ്ങളുടെ തുക 4 (1+3) ഉം ആണല്ലോ. അതായത് ശ്രീപദ്മനാഭ സ്വാമിയുമായി ബന്ധപ്പെട്ട സംഭവങ്ങളെല്ലാം 4 എന്ന സംഖ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണാം.

## നിലവറ നിധി

സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ച് ഏഴംഗ സംഘത്തെയാണ് ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ നിലവറയിൽ തുറക്കുന്നതിന് നിയോഗിച്ചിട്ടുള്ളത്. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ 6-ാം നിലവറ താത്കാലികമായി തുറക്കേണ്ട എന്നുള്ള ഉത്തരവ് സെപ്തംബർ മാസം 22-ാം തീയതി പുറപ്പെടുവിച്ചു. അന്നേ ദിവസത്തെ നക്ഷത്രം പുണർതമാണ്.

1729 എന്ന സംഖ്യയുടെ ഗുണിതങ്ങളായ 7, 13, 19 എന്നീ ഓരോ സംഖ്യകളോടും 9 കൂട്ടുമ്പോൾ താഴെ തന്നിരിക്കുന്ന രീതിയിലാണ് ഉത്തരം.

7 + 9 = 16

13 + 9 = 22

19 + 9 = 28

ഇതിൽ 22 എന്ന സംഖ്യ തിരുവോണം നക്ഷത്രത്തെ സൂചിപ്പിക്കുന്നു. 28 എന്ന സംഖ്യ ഭാരതീയ കാലഗണന അനുസരിച്ചുള്ള 28–ാമത്തെ കലിയുഗത്തെ സൂചിപ്പിക്കുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 9 എന്ന സംഖ്യ ജ്യോതിഷത്തിലെ നവഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. കൂടാതെ 9–ന്റെ മറ്റൊരു പ്രത്യേകത അത് ആയില്യം നക്ഷത്രത്തിന്റെ സംഖ്യ കൂടിയാണ്. ആയില്യം നക്ഷത്രത്തിന്റെ ദേവൻ നാഗരാജാവാണെന്നുള്ള കാര്യം പ്രത്യേകം ഓർക്കണം. ശ്രീപദ്മനാഭ സ്വാമി നാഗരാജാവായ അനന്തന്റെ പുറത്താണ് പള്ളി കൊള്ളുന്നത്.

കോടതി ഉത്തരവ് അനുസരിച്ച് ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിന്റെ നിലവറ തുറന്നത് ജൂൺ 27 നാണ്. അന്നത്തെ നക്ഷത്രം ഭരണിയാണ്. ഈ നക്ഷത്രത്തിന്റെ ദേവൻ യമനാണ്. തിരുവിതാംകൂറിന്റെ സ്രഷ്ടാവായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ നക്ഷത്രം അനിഴമാണ്. അനിഴം നക്ഷത്രത്തിന്റെ നക്ഷത്രസംഖ്യ 17 ആണ്. അനിഴം നക്ഷത്രത്തിന്റെ വേധ നക്ഷത്രമാണ് ഭരണി. ഭരണി നക്ഷത്രത്തിന്റെ നക്ഷത്രസംഖ്യ 2 ആണ്. ഇവ തമ്മിൽ കൂട്ടുമ്പോൾ 2 + 17 = 19 കിട്ടുന്നു. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിന്റെ നിലവറ തുറന്നത് 27.06.2011 നാണല്ലോ. അതായത് അതിലെ ദിവസം, മാസം, വർഷം ഇവയിലെ അക്കങ്ങളുടെ തുക 9, 6, 4 ആണ്. ഈ സംഖ്യകളുടെ തുകയും 19 തന്നെ. 1729 മുതൽ 1949 വരെ ആകെ 220 വർഷക്കാലം രാജഭരണത്തിന്റെ കീഴിലായിരുന്നു തിരുവിതാംകൂർ. ഇവിടെ 220 ന്റെ അക്കങ്ങളുടെ തുകയും നാലാണല്ലോ.

**ഭരണാധികാരികൾ**

ശ്രീപദ്മനാഭസ്വാമിയുടെ സംരക്ഷണയിലായിരുന്ന തിരുവിതാംകൂർ കൂടി ഉൾപ്പെട്ട കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവുമായ വി. എസ്. അച്യുതാനന്ദന്റേതായി 31.08.2011 ൽ ഒരു പ്രസ്താവന വരികയുണ്ടായി. ഈ ദിവസത്തെ നക്ഷത്രം അത്തമാണ്. കൂടാതെ ഈ നക്ഷത്രത്തിന്റെ നക്ഷത്രസംഖ്യ 13 ഉം അക്കങ്ങളുടെ തുക 4 ഉം ആണ്. 4.09.2011 ലെ പത്രത്തിൽ വീണ്ടും വേറൊരു വിവാദ പ്രസ്താവനയും. ഈ ദിവസത്തെ നക്ഷത്രം അനിഴമാണ്. ഈ രണ്ട് പ്രസ്താവനകളും വന്നത് 31 നും 4 നും ആണല്ലോ. ഈ സംഖ്യയിലെ അക്കങ്ങൾ കൂട്ടിയാലും അത് 4 ആണെന്ന് കാണാം. ക്ഷേത്രവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്ന വർഷമാണല്ലോ 2011. ഈ സംഖ്യയിലെ അക്കങ്ങളുടെ തുകയും നാലാണ്. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ നാല് നിലവറകളിലെ നിധികളുടെ കണക്കെടുത്തപ്പോൾ രാജ്യത്തെ ഏറ്റവും വലിയ നിധിശേഖരമുള്ള ക്ഷേത്രമായിത്തീർന്നു. തൊണ്ണൂറായിരം കോടി രൂപയ്ക്ക് മുകളിൽ ആസ്തിയുള്ള ക്ഷേത്രമായിത്തീർന്നു. അന്നത്തെ തീയതി 2.7.2011 ആണ്. ഇതിലെ ദിവസം മാസം വർഷം എന്നിവയുടെ അക്കങ്ങളുടെ തുക 13 ആണ്. 13 ലെ അക്കങ്ങളുടെ തുക 4 ആണ്. കൂടാതെ 2.7.2011 ലെ നക്ഷത്രം പുണർതമാണ്.

ഇപ്പോഴത്തെ മഹാരാജാവായ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ജനിച്ചത് ഒരു 22 നാണ്. അക്കങ്ങളുടെ തുക നാലാണ് (22.03.1922).

**ദേവപ്രശ്നം**

ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ ആഗസ്റ്റ് 8 നാണ് ദേവപ്രശ്നം നടത്തിയത്. അന്നത്തെ നക്ഷത്രം അനിഴമാണ്. മാത്രവുമല്ല പ്രശ്നത്തിന്റെ ഫലം അറിയാൻ രാശിചക്രം വച്ചത് ഒരാഴ്ചയോളം മാതാപിതാക്കളുമായി പല ക്ഷേത്രങ്ങളിലും തീർത്ഥാടനം നടത്തി അന്നേ ദിവസം രാവിലെ ക്ഷേത്രത്തിലെത്തിയ ഭഗവാന്റെ നാല് നാമങ്ങൾ ചേർന്ന പേരുള്ള, വിജയവാഡാ സ്വദേശിയായ എട്ടുവയസുകാരനായ ശിതുർ വേദല വെങ്കിട നരസിംഹ മണികണ്ഠ

കാശ്യപ് ആണ്. ആരൂഢരാശിയായി 8-ാം രാശിയാണ് ഈ ബാലൻ കണ്ടെത്തിയത്. ഈ കുട്ടിയുടെ നക്ഷത്രവും അനിഴമാണ്. അനിഴം നക്ഷത്രത്തിന്റെ നക്ഷത്രസംഖ്യയായ 17 ന്റെ അക്കങ്ങളുടെ തുകയും എട്ടാണ് കിട്ടുന്നത്.

ദേവപ്രശ്നവിധി അനുസരിച്ച് ഭരണാധികാരികൾക്കും രാജകുടുംബത്തിനും ദോഷം ഉണ്ടാകും എന്ന് കണ്ടെത്തി. പ്രശ്നം നടന്ന ദിവസം തന്നെ കേരളമുഖ്യമന്ത്രിക്ക് എതിരെ പാമോയിൽ കേസിന്റെ പുനരന്വേഷണത്തിന് ഉത്തരവിട്ടു. ഇത് ഭരണരംഗത്ത് അല്പം കോളിളക്കം ഉണ്ടാക്കുകയും ചെയ്തു. മറ്റൊരു രസകരമായ വസ്തുത കേരളത്തിന്റെ 13-ാം മന്ത്രിസഭയാണ് ഇപ്പോഴത്തേത്. ഈ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത ദിവസമായ മേയ് 18 ലെ നക്ഷത്രം അനിഴമാണ്. കൂടാതെ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും ജന്മനക്ഷത്രവും അനിഴമാണ്.

(ലേഖകൻ അറിയപ്പെടുന്ന സംഖ്യാശാസ്ത്രജ്ഞനാണ്. പഞ്ചാംഗത്തിലെ ശ്രീരാമചക്രം എന്ന സംഖ്യാവിന്യാസം ഏറ്റവും സവിശേഷതകളുള്ള മാന്ത്രിക ചതുരമാണെന്ന കണ്ടുപിടിത്തത്തിലൂടെ ലോകശ്രദ്ധ നേടി.)

മൊബൈൽ: 9847068953

**More Articles : Visit** : www.tmcgulf.com